**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ; | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാനത്തിൽ പൊതുവേ നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സ്കോളർഷിപ്പ് പോലുള്ള പദ്ധതികൾ,തൊഴിൽ നൈപുണി വികസന പദ്ധതികൾ,അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി എന്നിങ്ങനെ വകുപ്പിന്റെ വിവിധ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. ഇതു കൂടാതെ, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ? | (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾക്കും, മണ്ഡലത്തിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം(പി.എം.ജെ.വി.കെ.)പദ്ധതി പ്രകാരം നടന്നുവരുന്ന വുമൺഫെസിലിറ്റേഷൻ& എംപവർമെന്റ് സെന്റർ എന്ന പ്രവൃത്തിക്കും തുക ചെലവഴിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ